പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

നിയമസഭാ ചോദ്യം നം. *559

27.03.2018-ൽ

മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജി.എസ്.ടി.യിലേക്ക് മാറ്റിയ നികുതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കോവൂർ കുഞ്ഞുമോൻ<br>,, കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, കെ.ബി.ഗണേഷ് കുമാർ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചിരുന്ന ഏതൊക്കെ നികുതികളാണ് ജി.എസ്.ടി.യിലേക്ക് മാറ്റിയതെന്ന് അറിയിക്കുമോ; ഈയിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് ഈടാക്കിയിരുന്ന വിനോദ നികുതിയും പരസ്യ നികുതിയും ജി.എസ്.ടി. നിലവിൽ വന്നതോടെ ജി.എസ്.ടി.യുടെ പരിധിയിൽ വന്നിട്ടുണ്ട്. വിനോദ നികുതി 2017 ജൂലായ് 1 മുതൽ ഒഴിവാക്കിക്കൊണ്ട് 24/06/17 ലെ സ.ഉ.(കൈ) നം. 123/2017/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>2016-17 ൽ പരസ്യ നികുതി, വിനോദ നികുതി എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ 10,41,06,601/- രൂപ ശേഖരിച്ചിരുന്നു. എന്നാൽ 2017-18-ൽ ജി.എസ്.ടി. നിലവിൽ വരുന്നതിന് മുൻപായി 4,03,99,469/-രൂപ മാത്രമേ ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമായിട്ടുള്ളൂ.<br><br>വിനോദ നികുതിയിനത്തിൽ 2016-17 സാമ്പത്തികവർഷത്തിൽ 86,34,95,811/- രൂപയും 2017-18 (ജൂൺ 30 വരെ) 24,51,31,757/- രൂപയും നഗരസഭകൾക്ക് ലഭ്യമായിട്ടുള്ളതാണ്. |

| | |
|---|---|
| ബി) ഇപ്രകാരം ജി.എസ്.ടി. പിരിച്ചതിന്റെ വിഹിതമായി സർക്കാരിന് ലഭിച്ച വരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) 2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 206 പ്രകാരം 2017-18 ലെ വിനോദ നികുതിയുടെ നഷ്ടപരിഹാരമായി 133 കോടി രൂപ അനുവദിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 2015-16 ൽ ഓരോ പ്രാദേശിക സർക്കാരും പിരിച്ച വിനോദ നികുതിക്ക് ആനുപാതികമായിട്ടാണ് നൽകുക. |
| സി) പ്രസ്തുത നികുതി പിരിവ് സംവിധാനം കാര്യക്ഷമമല്ല എന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് പഴയ രീതിയിലേക്ക് മാറ്റണമെന്ന ആവശ്യം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടുമോ? | സി) ഇത്തരം ഒരു ആവശ്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ